നം. ജി10/23504/2016 റ്റി സി
ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം,
തിരുവനന്തപുരം സിറ്റി
തീയതി: 7/11/2016

**ദർഘാസ് പരസ്യം**

വിഷയം:- തിരുവനന്തപുരം സിറ്റി പോലീസ് ഓഫീസ് പരിധിയിൽ ഭോജനശാല(ക്യാന്റീൻ) നടത്തുന്നത് സംബന്ധിച്ച്.

തിരുവനന്തപുരം സിറ്റി പോലീസ് ഓഫീസ് പരിധിയിൽ താഴെ ചേർത്തിരിക്കുന്ന സ്ഥലങ്ങളിൽ 1/12/2016 മുതൽ ഒരു വർഷത്തേയ്ക്ക് ഭോജനശാല(ക്യാന്റീൻ) നടത്തുവാൻ താല്പര്യമുള്ളവരിൽനിന്നും മുദ്രവച്ച ദർഘാസുകൾ (ക്വട്ടേഷനുകൾ) ക്ഷണിച്ചുകൊള്ളുന്നു.

ചായ, കാപ്പി, ഊണ് തുടങ്ങിയ വിവിധ തരത്തിലുള്ള സസ്യ-മാംസാഹാരങ്ങൾ ഉയർന്ന നിലവാരത്തിലും ഗുണമേന്മയോടും ശുചിത്വത്തോടും കൂടി വിതരണം ചെയ്യേണ്ടതും അവ ജീവനക്കാർക്കും ഇതരർക്കും ലഭ്യമാക്കുന്ന വില വിവരം പ്രത്യേകം എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.

മേൽ പറഞ്ഞ രീതയിലും എറ്റവും കുറഞ്ഞ വില നിരക്കിലും ക്യാന്റീൻ നടത്തുവാൻ കഴിവും താല്പര്യവുമുള്ളവരിൽനിന്നും 23/11/2016 വൈകുന്നേരം 3 മണിയ്ക്ക് മുൻപായി 2500/- രൂപ നിരതദ്രവ്യം അടച്ച രസീത് സഹിതം മുദ്രവച്ച ദർഘാസുകൾ സിറ്റി പോലീസ് മേധാവിയുടെ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്.

സിറ്റി പോലീസ് മേധാവിയ്ക്ക് ഉചിതമെന്ന് തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ ദർഘാസ് നടപടികൾ നിർത്തിവയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

7/11/16

തിരു: സിറ്റി ഡെ: പോലീസ് കമ്മീഷണർ(ഭരണം)

7/11/16 7/11/16

പകർപ്പ്: 1) സിറ്റിയിലെ എല്ലാ പോലീസ് ഓഫീസർമാർക്കും അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി അയക്കുന്നു.
2) ഇപ്പോൾ ക്യാന്റീൻ നടത്തുന്നവർ കാലാവധി തീരുന്ന മുറയ്ക്ക് ചുമതല ഒഴിയുവാൻ വേണ്ട നടപടി സ്വീകരിക്കേതാണ്.
3) കാഷ്യർ സി പി ഒ